# വ്യവസായ കേരളം

43

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JUNE 2023


# കൊച്ചുവേളി പപ്പടം ക്ലസ്റ്റർ കോമൺ ഫെസിലിറ്റി സെന്റർ ശിലാസ്ഥാപനം

## ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളിൽ (എം.എസ്.എം.ഇ) സ്വന്തം ഇടം നേടാൻ ഒരുങ്ങി കേരളത്തിലെ പപ്പട നിർമാണ മേഖല. കേരള ബ്രാൻഡിൽ അന്തർദ്ദേശീയ തലത്തിൽ പപ്പടത്തെ എത്തിക്കാനാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഒരുങ്ങുന്നത്. ഇതിനായി തിരുവനന്തപുരം, കൊച്ചുവേളിയിലെ വ്യവസായ എസ്റ്റേറ്റിൽ അനന്തപുരം പപ്പടം ക്ലസ്റ്റർ അസോസിയേഷന്റെ പപ്പടം ക്ലസ്റ്ററിലെ കോമൺ ഫെസിലിറ്റി സെന്റർ (CFC) നിർമാണത്തിന്റെ ശിലാസ്ഥാപന ചടങ്ങ് 2023 ജൂൺ 2 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു.

അടുത്ത വർഷമാദ്യത്തോടെ പപ്പടം ക്ലസ്റ്റർ കോമൺ ഫെസിലിറ്റി സെന്ററിന്റ നിർമാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് ബഹു. മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. പപ്പടം ക്ലസ്റ്റർ നിലവിൽ വരുന്നതോടു കൂടി ഉത്പാദന ചിലവ് കുറച്ച് ഗുണനിലവാരമുള്ള പപ്പടം കൂടുതലായി നിർമിക്കാൻ കഴിയും. മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിർമിക്കുന്നവ കേരള ബ്രാൻഡിൽ പുറത്തിറക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു. കോമൺ ഫെസിലിറ്റി സെന്റർ പോലുള്ളവ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് പുത്തനുണർവു നൽകുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു പറഞ്ഞു.

കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയത്തിന്റെ പിന്തുണയോടെയാണ് സംസ്ഥാന വാണിജ്യ, വ്യവസായ വകുപ്പ് എംഎസ്ഇ - സിഡിപി പദ്ധതിക്കു കീഴിൽ വിവിധ ക്ലസ്റ്ററുകൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പപ്പടം ക്ലസ്റ്ററിലുള്ള കോമൺ ഫെസിലിറ്റി സെന്റർ 5.552 കോടി രൂപ ചെലവിലാണു സ്ഥാപിക്കുന്നത്.

കേന്ദ്ര എംഎസ്എംഇ മന്ത്രാലയം, എംഎസ്ഇ - സിഡിപി പദ്ധതി പ്രകാരം കേരളത്തിൽ ഇതുവരെ 16 കോമൺ ഫെസിലിറ്റി സെന്റർ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. അതിൽ 12 സിഎഫ്സികളുടെ വികസനം 75.22 കോടി രൂപ പദ്ധതി ചെലവിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള 4 സിഎഫ്സി പ്രോജക്ടുകൾക്കായി 47.15 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നു. കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിൽ നിന്നുള്ള അനുമതി പ്രകാരം സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പാണ് പദ്ധതി നടത്തിപ്പിന് കേരളത്തിൽ നേതൃത്വം നൽകുന്നത്. ഇംപ്ലിമെന്റിങ് ഏജൻസി ആയി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനും പ്രവർത്തിക്കുന്നു.






പ്രതിദിനം 24 ടൺ ശേഷിയുള്ള
ദാൽ മിൽ പ്ലാന്റ്

24 ടൺ ശേഷിയുള്ള
ഉഴുന്ന് പൊടി നിർമ്മാണ പ്ലാന്റ്

4 ടൺ ശേഷിയുള്ള
റൈസ് ക്ലീനിംഗ്, വാഷിംഗ് പ്ലാന്റ്

4 ടൺ ശേഷിയിൽ അരിപ്പൊടി
ഉൽപ്പാദിപ്പിക്കുന്നതിനുള്ള
സൗകര്യങ്ങൾ

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കെബിപ് ചെയർമാനുമായ ശ്രീ. സുമൻ ബില്ല ഐ.എ.എസ്. ചടങ്ങിൽ സ്വാഗതം അർപ്പിച്ചു. വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ ശ്രീ. രാജീവ് ജി; കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്) ചീഫ് എക്സിക്യുട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്; എംഎസ്എംഇ - ഡിഎഫ്ഒ തൃശൂർ ജോയിന്റ് ഡയറക്ടർ & എച്ച്ഒ ശ്രീ. പ്രകാശ് ജി. എസ്; തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർ ശ്രീ. അജിത് എസ്; വെട്ടുകാട് വാർഡ് മെമ്പർ ശ്രീ. ക്ലിനസ് റൊസാരിയോ എൽ; അനന്തപുരം പപ്പടം ക്ലസ്റ്റർ അസോസിയേഷൻ മാനേജിങ് ഡയറക്ടർ ശ്രീ. എബ്രഹാം സി. ജേക്കബ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## സംസ്ഥാനത്തെ 40 വ്യവസായ എസ്റ്റേറ്റുകളിൽ

# വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിച്ചു

കേരളത്തിലെ വ്യവസായ എസ്റ്റേറ്റുകളിൽ ആരംഭിക്കുന്ന സംരംഭക പ്രക്രിയകൾ സുഗമമാക്കുന്നതിനായി ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിച്ചു. സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ തരം ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ മറ്റ് അനുമതികൾ എന്നിവ ഇതിലൂടെ അതിവേഗം സംരംഭകന് ലഭ്യമാകും. ഇതിനായി എസ്റ്റേറ്റ് തലത്തിൽ ക്ലിയറൻസ് ബോർഡുകൾക്കും രൂപം നൽകി. ജില്ലാ കളക്ടർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, മലിനീകരണ നിയന്ത്രണ ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ ജില്ലാ തല ഓഫീസർമാർ എന്നിവരടങ്ങുന്നതാണ് ക്ലിയറൻസ് ബോർഡ്.

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള 40 പ്രദേശങ്ങളെ വ്യവസായ എസ്റ്റേറ്റുകളായി പ്രഖ്യാപിച്ച് സർക്കാർ വിജ്ഞാപനവും പുറത്തിറക്കിയിരുന്നു. വ്യവസായ സംരംഭങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള, വ്യവസായ വകുപ്പിന് കീഴിലുള്ള 40 പ്രദേശങ്ങൾക്കാണ് വ്യവസായ എസ്റ്റേറ്റ് പദവി നൽകിയത്. എറണാകുളത്തെ എടയാർ, തൃശൂർ ജില്ലയിലെ പുഴയ്ക്കൽ പാടം, പാലക്കാടിലെ കഞ്ചിക്കോട്, ആലപ്പുഴയിലെ അരൂർ, തിരുവനന്തപുരത്തെ വേളി തുടങ്ങി 40 പ്രദേശങ്ങളാണ് വ്യവസായ എസ്റ്റേറ്റുകളായി പ്രഖ്യാപിക്കപ്പെട്ടത്. നേരത്തെ തന്നെ നിലവിലുള്ളതാണെതിലും ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ഇതോടെ ലഭിക്കും.

ഇടുക്കി ജില്ലയിലെ 5 ഏക്കറുള്ള മുട്ടം ആണ് ഏറ്റവും ചെറിയ വ്യവസായ എസ്റ്റേറ്റ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏറ്റവും വലുതും. 532.8 ഏക്കർ വിസ്തൃതിയുണ്ട് കഞ്ചിക്കോടിന്. എറണാകുളം ജില്ലയിലെ എടയാർ ആണ് വലിപ്പത്തിൽ രണ്ടാം സ്ഥാനത്ത് 435.29 ഏക്കർ. 2500 ഓളം സംരംഭങ്ങൾ വിവിധ എസ്റ്റേറ്റുകളിലായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**ജില്ലകളിലെ വ്യവസായ എസ്റ്റേറ്റുകൾ**

തിരുവനന്തപുരം -2, കൊല്ലം -2, പത്തനംതിട്ട -1, ആലപ്പുഴ -6, കോട്ടയം -3, ഇടുക്കി -1, എറണാകുളം -6, തൃശൂർ -6, പാലക്കാട് -5, മലപ്പുറം -1, കോഴിക്കോട് -2, കണ്ണൂർ -1, കാസർഗോഡ് -4

## മിഷൻ 1000

# ജൂൺ 30 വരെ അപേക്ഷിക്കാം

**തി**രഞ്ഞെടുക്കുന്ന ആയിരം സംരംഭങ്ങളെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കൈ പിടിച്ചുയർത്താൻ ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയിൽ 2023 ജൂൺ 30 വരെ അപേക്ഷിക്കാം. നിഷ്കർഷിച്ച അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇകളെ സുതാര്യമായ സംവിധാനത്തിലൂടെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുത്ത് വ്യവസായ വകുപ്പ് പൂർണ പിന്തുണ നൽകും.

മൂലധന സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി, ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം, ടെക്നോളജി നവീകരണത്തിനുള്ള സഹായം, ഗുണനിലവാര സർട്ടിഫിക്കേഷൻ നേടാൻ പ്രത്യേക സഹായം ഉൾപ്പെടെയുള്ള പിന്തുണ നൽകലാണ് മിഷൻ 1000ന്റെ ലക്ഷ്യം. വിശദവിവരങ്ങൾക്കും ഓൺലൈൻ അപേക്ഷയ്ക്കും വ്യവസായ വകുപ്പിന്റെ **mission1000.industry.kerala.gov.in** സന്ദർശിക്കുക.

## ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ എച്ച്.എ.സി.സി.പി. സർട്ടിഫിക്കേഷന് അപേക്ഷിക്കാം

ഭക്ഷ്യ മേഖലയുമായി ബന്ധപ്പെട്ട ഓഡിറ്റിങ്, സർട്ടിഫിക്കേഷൻ എന്നിവ നൽകുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻ.സി.എച്ച്.സി.) ഭക്ഷ്യ ഉത്പന്നത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ശേഖരണം മുതൽ, സംസ്കരണം, ഉത്പാദനം, തുടങ്ങി പാക്കേജിങ് വരെയുള്ള വിവിധ തലങ്ങളിലെ ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ വിലയിരുത്തുന്ന സംവിധാനമാണ് ഹസാർഡ് അനാലിസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എ.സി.സി.പി.).



ഭക്ഷ്യ ഉൽപാദന കമ്പനികൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, കാറ്ററിംഗ് കമ്പനികൾ എന്നിങ്ങനെ സൂക്ഷ്മ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഇവ ബാധകമാണ്. ബ്രാൻഡുകളുടെയും സ്വകാര്യ ലേബലുകളുടെയും സേവനത്തിലെ വിശ്വാസ്യത വർധിപ്പിക്കുക, ഉപഭോക്തൃ സംതൃപ്തി പ്രധാനം ചെയ്യുക, ഗുണമേന്മയുള്ള ഭക്ഷണം എല്ലാവർക്കും ഉറപ്പാക്കുക എന്നിവയാണ് എച്ച്.എ.സി.സി.പി. സർട്ടിഫിക്കേഷൻ പ്രധാനമായും ലക്ഷ്യമിടുന്നത്.

ഹോട്ടലുകൾ, ഭക്ഷ്യ സംസ്കരണ വ്യവസായ സംരംഭങ്ങൾ, മറ്റ് ഭക്ഷ്യ ഉത്പന്ന വിതരണക്കാർ എന്നിവർക്കായുള്ള ഹസാർഡ് അനാലിസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എ.സി.സി.പി.) സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും വിശദവിവരങ്ങൾ അറിയുന്നതിനും **www.haccpindia.org** സന്ദർശിക്കുക. കേരള ബ്യൂറോ ഓഫ് ഇഡസ്ട്രിയൽ പ്രൊമോഷനിലാണ് എൻ.സി.എച്ച്.സി. പ്രവർത്തിക്കുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.